# മമ്മി സാഹിബ്



മമ്മി സാഹിബ് എന്ന പേരിൽ പരക്കെ അറിയപ്പെടുന്ന വി. അബ്ദുൽ മുഹൈമിൻ (കന്മനം) 19.5.'07-ന് അല്ലാഹുവിങ്കലേക്ക് യാത്രയായി- *ഇന്നാ ലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ.*

ഹാജി സാഹിബിന്റെ കാലം മുതൽ അദ്ദേഹം ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ മുൻനിരയിലുണ്ട്. ജമാഅത്തിന്റെ ചരിത്രവും നയനിലപാടുകളും ആധികാരികമായി പറഞ്ഞുതരാൻ പ്രാപ്തനായ വ്യക്തിത്വം. പ്രസ്ഥാന പരിപാടികളിൽ നിശ്ചയിക്കപ്പെട്ടവർ എത്തിക്കണ്ടില്ലെങ്കിലും മമ്മി സാഹിബുണ്ടെങ്കിൽ സംഘാടകർക്ക് ആശ്വാസമാണ്. ഏതു വിഷയവും ഭംഗിയായി അദ്ദേഹം അവതരിപ്പിക്കും. ഹജ്ജ് ക്ലാസ്സിന്റെ 'സ്പെഷ്യലിസ്റ്റാ'യിരുന്നു. ദൂരദിക്കുകളിൽനിന്നുവരെ ഹജ്ജ് ക്ലാസ്സിന് അദ്ദേഹം ക്ഷണിക്കപ്പെടാറുണ്ട്.

ആദ്യകാലത്ത് രണ്ടത്താണി സൈദ് മൗലവിക്ക് അസുഖമായാൽ ജുമുഅ ഖുത്വ്ബക്ക് മമ്മി സാഹിബിന്റെ അടുത്തേക്കാണ് വരിക. രണ്ടത്താണി, കോട്ടക്കൽ, വളാഞ്ചേരി, തിരൂർ, താനൂർ, കൂട്ടായി, പൊന്നാനി, തൃശൂർ മുതലായ സ്ഥലങ്ങളിലെല്ലാം ഖത്വീബായിട്ടുണ്ട്.

എന്നാൽ മമ്മി സാഹിബ് ഏതെങ്കിലും സ്ഥാപനങ്ങളിൽനിന്ന് ഔപചാരിക ഇസ്‌ലാമിക വിദ്യാഭ്യാസം നേടിയ ആളായിരുന്നില്ല. ആദ്യ ഗുരു സ്വന്തം പിതാവ് തന്നെയാണ്. വെള്ളക്കാട്ട് മൊയ്തീൻ കുട്ടി മൊല്ല (ഇദ്ദേഹം അക്കാലത്ത് മകളെ പുതിയങ്ങാടി ഹൈസ്കൂളിൽ പഠിപ്പിച്ച് പാലക്കാട് ട്രെയ്നിംഗ് കോളേജിലയച്ച് ടീച്ചറാക്കി- മമ്മി സാഹിബിന്റെ മൂത്ത സഹോദരി ആഇശു ടീച്ചർ).

മമ്മി സാഹിബിന്റെ വിദ്യാഭ്യാസം കോട്ടക്കൽ രാജാസ് ഹൈസ്കൂളിൽ- എട്ടാം ക്ലാസ്. ഈ കാലത്ത് കമ്യൂണിസ്റ്റ് പ്രസ്ഥാനവുമായി അടുപ്പത്തിലായി. പിന്നെ തുന്നൽപണി പഠിച്ച് ടൈലർ ആയി. അന്ന് കന്മനത്ത് 'വിജ്ഞാന പോഷിണി' എന്ന പേരിൽ ഒരു വായനശാലയുണ്ടായിരുന്നു. അതാണ് 1955-ൽ അവിടത്തെ 'ഹംദർദ് ഹൽഖ'യായി മാറിയത്.

ഖുർആൻ പഠിച്ചത് വി.ടി അബ്ദുല്ല ഹാജി(കൂട്ടായി)യിൽനിന്ന്. ഇസ്‌ലാഹി പ്രവർത്തനങ്ങൾക്ക് അദ്ദേഹം ഈ ഭാഗത്ത് വന്നപ്പോൾ താമസസൗകര്യം ഒരുക്കിക്കൊടുത്തത് പിതാവ് മൊയ്തീൻ കുട്ടി മൊല്ലയാണ്. അവിടെ വെച്ചാണ് അബ്ദുല്ല ഹാജിയുടെ ശിഷ്യത്വം സ്വീകരിച്ചത്.

ഹാജി സാഹിബിനെ ആദ്യം കണ്ടത് തിരൂരിൽ വെച്ച്. നടന്നുപോകുമ്പോൾ ആരോ ചൂണ്ടിക്കാണിച്ചു കൊടുത്തു; 'ഈ പോകുന്നതാണ് 'കലിമ ചൊല്ലിച്ച് പാർട്ടിയിൽ കൂട്ടുന്ന ആൾ'. മമ്മി സാഹിബ് ഹാജി സാഹിബിനെ ശ്രദ്ധിച്ചു. ആ മുഖവും താടിയും വേഷവും അദ്ദേഹത്തെ വല്ലാതെ ആകർഷിച്ചു.

കാൽനടയായി ഹാജി സാഹിബിനെ ചെന്ന് കണ്ട് ജമാഅത്തിനെ നേരിൽ പഠിച്ചു.

പറവണ്ണൂർ അത്താണി പള്ളിയിൽ ഖത്വീബായിരുന്ന പണ്ഡിതനായ കോയക്കുട്ടി മൗലവി ജമാഅത്തെ ഇസ്‌ലാമിയിലേക്ക് വരുന്നത് മമ്മി സാഹിബ് മുഖേനയാണ്. പിന്നീട് കന്മനം പ്രാദേശിക ജമാഅത്തിന്റെ അമീർ മൗലവിയായിരുന്നു. മമ്മി സാഹിബിന്റെ ക്ലാസ്സും രണ്ടത്താണി മൊയ്തീൻ സാഹിബിന്റെ വ്യക്തിത്വവുമാണ് ഈയുള്ളവനെപ്പോലെ പലരെയും ജമാഅത്തുകാരാക്കിയത്.

അന്ന് കന്മനം ആസ്ഥാനമായി ഒരു സ്റ്റഡി സർക്ക്ൾ ഉണ്ടായിരുന്നു. അതിന്റെ യോഗം മാസത്തിലൊരിക്കൽ കന്മനം, രണ്ടത്താണി, വളവന്നൂർ, തുവ്വക്കാട്, തെക്കൻ കുറ്റൂർ എന്നീ സ്ഥലങ്ങളിൽ മാറിമാറി നടക്കും. തെരഞ്ഞെടുത്ത വിഷയത്തിൽ പ്രബന്ധവും പ്രസംഗങ്ങളും കഴിഞ്ഞ് അവസാനം മമ്മി സാഹിബ് നിരൂപണം നടത്തുമ്പോഴാണ് മറ്റുള്ളവരാരും വിഷയത്തിന്റെ മർമം തൊട്ടില്ല എന്ന് മനസ്സിലാവുക.

കന്മനം ഭാഗത്ത് ഞങ്ങളെ കാണുമ്പോൾ 'ഇവരൊക്കെ മമ്മി ത്വരീഖത്തിന്റെ ആളുകളാണ്' എന്ന് ആളുകൾ കളിയാക്കുമായിരുന്നു. പരന്ന വായനയും പരിശ്രമവുമായിരുന്നു സാഹിബിനെ ഉന്നതിയിലെത്തിച്ചത്. ജാതി-മത വ്യത്യാസമില്ലാതെ ഒരു വലിയ സുഹൃദ്നിര മമ്മി സാഹിബിനുണ്ടായിരുന്നു.

വലിയ പീടിയേക്കൽ ഇയ്യാത്തുമ്മുവാണ് ഭാര്യ. മക്കൾ: അബ്ദുൽ വഹാബ്, അബ്ദുർറശീദ്, സഗീർ മുഹ്‌യിദ്ദീൻ, അഹ്‌മദ് സ്വാബിർ, സ്വഫിയ്യ, ഹഫ്സ, ആഇശ, സ്വാബിറ.

സർവശക്തനായ അല്ലാഹു അദ്ദേഹത്തെ സ്വർഗത്തിൽ ഇടം നൽകി അനുഗ്രഹിക്കുമാറാകട്ടെ-ആമീൻ.

**ടി.പി മുഹമ്മദ് കുട്ടി, രണ്ടത്താണി**